പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2031 05.10.2016 ന് മറുപടിയ്ക്ക്.

## കൊയിലാണ്ടി ഗവ.ഐ.ടി.ഐ

*ചോദ്യം*

ശ്രീ.കെ. ദാസൻ :

(എ) കൊയിലാണ്ടി ഗവ.ഐ.ടി.ഐ മികവിന്റെ കേന്ദ്രമായി വികസിപ്പിക്കാൻ സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(ബി) എന്തെല്ലാം നൂതന സംവിധാനങ്ങളാണ് ഇതിന്റെ ഭാഗമായി ഐ.ടി.ഐ നടപ്പിലാക്കുക; ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ തുടങ്ങി; വിശദമാക്കാമോ?

*ഉത്തരം*

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

(എ) ലോകബാങ്ക് സഹായത്തോടെ ഐ.ടി.ഐ കളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയിൽ (VTIP സ്കീം), കൊയിലാണ്ടി ഐ.ടി.ഐ-യെ തിരഞ്ഞെടുത്തിരുന്നു. ടി പദ്ധതി പ്രകാരം കൊയിലാണ്ടി ഐ.ടി.ഐയ്ക്ക് 297.38 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി. തുക കെട്ടിട നിർമ്മാണത്തിനും ട്രെയിനിംഗിനാവശ്യമായ ഉപകരണ സംഭരണത്തിനുമാണ് ഉപയോഗിച്ചത്. ടി പ്രോജക്ട് മികച്ച രീതിയിൽ നടപ്പിലാക്കിയതിനാൽ കൊയിലാണ്ടി ഐ.ടി.ഐയ്ക്ക് അഡിഷണൽ ഫണ്ടായ 91 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക ഉപകരണ സംഭരണത്തിനു വേണ്ടിയാണ് ഉപയോഗിക്കുന്നത്. ഇതിന്റെസംഭരണ നടപടികൾ നടന്നുവരികയാണ്. ഇത് വരെ 348.35 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ കാലാവധി ഡിസംബർ 2016 വരെയാണ്.

(ബി) ടി പദ്ധതിയിൻകീഴിൽ കൊയിലാണ്ടി ഐ.ടി.ഐ ൽ ട്രെയിനികൾക്കായി പുതിയ കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ട്രെയിനികൾക്കാവശ്യമായ ഉപകരണങ്ങൾ (കമ്പ്യൂട്ടറുകൾ ഉൾപ്പെടെ) വാങ്ങി ട്രെയിനിംഗിന്റെ നിലവാരം മെച്ചപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ